**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലാ പഞ്ചായത്ത്- കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ടുകൾ-പാടശേഖര സമിതിക്ക് ധനസഹായം -സംസ്ഥാന ഓഡിറ്റ് വകുപ്പ് -ഓഡിറ്റ് തടസ്സം- 21500/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2047/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 30/10/2020

പരാമർശം:
1 സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.14
2. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 10/06/2020 ലെ IX(2) നമ്പർ തീരുമാനം
3. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27/07/2020 ലെ- എ 2/1830/17 നമ്പർ കത്ത്.

## ഉത്തരവ്

പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി 2010-11 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ തുമ്പമൺ പാടശേഖര സമിതിക്ക് ധനസഹായം നൽകിയതിന് ചെലവഴിച്ച ₹21500/- (ഇരുപത്തൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം)ഓഡിറ്റ് നിരാകരിക്കുകയുണ്ടായി. പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ പാടശേഖര സമിതിക്ക് ധനസഹായം നൽകുന്നത് അനുവദിച്ചിട്ടില്ല എന്നതിനാലാണ് ഓഡിറ്റ് ഈ ചെലവ് നിരാകരിച്ചത്. ഈ പരാമർശത്തിന് സാധൂകരണം ലഭ്യമാക്കണമെന്ന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2) 2010-11 സാമ്പത്തിക വർഷത്തിൽ ബാധകമായിരുന്ന പദ്ധതി മാർഗ്ഗരേഖയിൽ പാടശേഖര സമിതിക്ക് ധനസഹായം അനുവദനീയമായിരുന്നില്ല എന്ന കാരണത്താലാണ് ഈ ഇനത്തിൽ ചെലവഴിച്ച ₹21500/-(ഇരുപത്തൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം) ഓഡിറ്റ് നിരാകരിച്ചത് .

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കിയ 2010-11 സാമ്പത്തിക വർഷത്തിൽ പാടശേഖര സമിതിക്ക് ധനസഹായം

അനുവദനീയമായിരുന്നില്ല എങ്കിലും ചെറിയ തുക എന്നത് പരിഗണിച്ചും, വരൾച്ച മൂലം കാർഷിക മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് നൽകിയ മുതൽമുടക്ക് എന്നത് പരിഗണിച്ചും തുമ്പമൺ പാടശേഖര സമിതിക്ക് ധനസഹായം നൽകുന്നതിന് ₹21500/- (ഇരുപത്തൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം)ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയ്സി പോൾ
അണ്ടർ സെക്രട്ടറി

സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.